''ഉത്തരം തേടി നമുക്കൊരു യാത്ര പോകാം, മനസ്സിന്റെ തീര്ത്ഥയാത്ര. മധു മനസ്സില് വരച്ച ചിത്രങ്ങളിലൂടെ ഒരു യാത്ര. ആ ചിത്രങ്ങള് എനിക്കു പലതും പറഞ്ഞു തരും.നമ്മുടെ സമസ്യയുടെ ചുരുള് ഒരുപക്ഷെ ഈ യാത്രാവസാനം അഴിഞ്ഞേക്കാം''. ആകാംക്ഷയോടെ വായന മുന്നോട്ട് പോയി അവസാനം വരെ പ്രതീക്ഷകളുടെ തൂവെളിച്ചം വിതറി ഒരു നോവല്- '''പോലെ''.

ഗ്രന്ഥകര്ത്താവിന്റെ ആദ്യ പ്രസിദ്ധീകൃത നോവല്. 2021 മാര്ച്ച് അവസാനം പുറത്തിറങ്ങി. ബാങ്കറായ
ആ നോവലിസ്റ്റിനെ പരിചിതമാക്കുന്ന ദളമായി മാറുകയാണ് നമ്മുടെ പ്രതിഭാപരിചയ വേദിയുടെ ഒരു സുവര്ണ്ണ നാഴികക്കല്ലായ 175-ാം മതു ദളം.

സഹര്ഷം പരിചയപ്പെടുത്തുന്നു,

അനീഷ്ലാല് കെ.എച്ച്
കനറാ ബാങ്ക്
എം.ജി.റോഡ് ബ്രാഞ്ച്,
എറണാകുളം.

''സിനിമയും തിരക്കഥയും സിനിമാഗീതങ്ങളുമായിരുന്നെന്റെ സ്വപ്നം. അദ്ധ്യാപകനായിരുന്ന അച്ഛനായിരുന്നു റോള് മോഡല്. എഴുതണം. ജീവിതം നയിക്കാന് ഉപജീവനവും വേണം. ടെസ്റ്റുകള് അനവധി എഴുതി, എഴുത്തിനോടൊപ്പം''-

അനീഷ്ലാല്, എറണാകുളം കുമ്പളങ്ങി കണ്ടശാം
പറമ്പില് കെ.കെ.ഹരിലാലിന്റെയും കെ.വി.ഭാമാമണിയുടെയും മകനായി 1984 ല് ജനനം. ശ്രീ ഹരിലാല് കുമ്പളങ്ങി വി പി.വൈ. എല്. പീ. സ്ക്കൂള് ഹെഡ്മാസ്റ്റര് ആയി വിരമിച്ചു. കൊച്ചിയുടെ പഴയകാല പത്രമായിരുന്ന 'കേരളനാട്'' ലേഖകനുമായിരുന്നു. അദ്ദേഹം 2015 ല് ദിവംഗതനായി. ശ്രീമതി ഭാമാമണി കൊച്ചി മുനിസിഫ് കോടതി ഫെയര് കോപ്പി സൂപ്രണ്ടന്റായിരുന്നു. 2014 ല് വിരമിച്ചു.

അച്ഛന് അദ്ധ്യാപകനായിരുന്ന കുമ്പളങ്ങി സ്ക്കൂളിലെ പ്രൈമറി വിദ്യാഭ്യാസ ശേഷം കുമ്പളങ്ങി സെന്റ് പീറ്റേഴ്സ് ഹൈസ്ക്കൂള്, കൊച്ചിന് കോളേജ് എന്നീ സ്ഥാപനങ്ങളിലൂടെ വിജയിയായി എം.ഇ.എ എഞ്ചിനീയറിംഗ് കോളേജില് നിന്ന് B.Tech ബിരുദവും നേടിയ വിദ്യാഭ്യാസകാലമത്രയും സാഹിതീബദ്ധനായി നിന്നു.

ആദ്യജോലി ഇന്ത്യന് നേവിയില് ക്ലറിക്കല് തസ്തികയില്. 2010 നവംബര് ഒന്നിന് അവിടെ ജോയിന് ചെയ്തുവെങ്കിലും തൊട്ടടുത്ത ജനുവരിയില് സിണ്ടിക്കേറ്റു ബാങ്കില് നിയമനം ലഭിച്ചു ബാങ്കറായി മാറുകയായിരുന്നു. ആദ്യ നിയമനം കണ്ണൂര് പേരാവൂര്, അവിടെ നിന്ന്

ആലക്കോട്, കാട്ടാമ്പള്ളി, കണ്ണൂര് കന്റോണ്മെന്റ്, ആലുവ, കൊച്ചി ചെറളായി എന്നീ ബ്രാഞ്ചുകളില് തുടര്ന്നു പ്രവര്ത്തിച്ചു..
ബാങ്ക് മെര്ജറിനു ശേഷം ഇപ്പോള് കനറാ ബാങ്കിന്റെ എറണാകുളം എം.ജി.റോഡ് ബ്രാഞ്ചില്.

ഈ ജീവിതയാത്രയിലെ ഇണയായെത്തിയ ലിജ എസ്.ബി.ഐ പഴങ്ങാട്-കുമ്പളങ്ങി ബ്രാഞ്ചില് സീനിയര് അസോസിയേറ്റ് ആണ്. ദേവേന്ദര്ലാല്, നിലാമലര് എന്ന രണ്ടോമനകളും ഈ വല്ലരിയില് വിടര്ന്നു.
അവര് നന്നായി ചിത്രം വരക്കും. കവിതയിലും കഥയിലും പ്രസംഗത്തിലും കമ്പം കയറിയ കൗമാരകാലം മുതല് അച്ഛന്റെ ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹം രചിച്ച ലേഖനങ്ങളെക്കാലത്തേയും പ്രചോദനങ്ങള്. അമ്മയും പിന്നീട് ലിജയും എഴുത്തിന് കരുത്തും സ്നേഹവും പകരുന്നു. ഇളയ സഹോദരിയും അദ്ധ്യാപികയുമായ (ചിന്മയ സ്കൂള്) അഞ്ജനയും കുടുംബവും ചൊരിയുന്ന വെളിച്ചവും തുണയാകുന്നു.

''പോലെ'' എന്ന നോവല് തികഞ്ഞ വായനാനുഭൂതി പകരുന്നു.
താനറിഞ്ഞ കാഴ്ചകള് വാങ്മയചിത്രങ്ങളായി കോര്ത്തിടുന്ന ചാതുര്യം അനീഷിന്റെ കഥകളിലും കവിതകളിലും ഗാനങ്ങളിലും ശോഭായമാനമായി തുടിപ്പാര്ന്നു കാണാം. ഒപ്പം, കഥാപാത്രങ്ങളും അവരുടെ ഇടങ്ങളും പരിസരങ്ങളും വ്യഥകളും ഉല്കണ്ഠകളും ചാപല്യങ്ങളും മോഹങ്ങളും കുതിപ്പും കിതപ്പും പ്രത്യാശകളും മുള്ളു പോലെ തറക്കുന്നു, സുഗന്ധം പോലെ പരക്കുന്നു..

കൊച്ചിന് കോളേജിലെ പ്രീ-ഡിഗ്രി കാലത്ത് വിദ്യാര്ത്ഥി പ്രസ്ഥാനത്തിനു വേണ്ടി ആദ്യഗാനം രചിച്ചതു മുതലാണ് ആല്ബങ്ങളിലേക്കുള്ള വഴി തുറക്കുന്നത്. ബി.ടെക് പഠനകാലത്ത് എസ്.ബി.ഐ തൃത്താല ശാഖയിലെ ജീവനക്കാരനായ അനൂപിന്റെ സംഗീതത്തില് പ്രണയഗാനങ്ങള് എഴുതി. എം.ഇ,എ എഞ്ചിനീയറിംഗ് കോളേജിലെ പ്രഥമ ആര്ട്ട്സ് ക്ലബ് സെക്രട്ടറിയായും ചുമതല വഹിച്ചിരുന്നു, ലാല്.

തുടര്ന്ന്, നിരവധി സംഗീത ആല്ബങ്ങള്ക്കും ഭക്തിഗാനങ്ങള്ക്കും രചന നിര്വഹിച്ചു. നിരവധി കഥകള് ആനുകാലികങ്ങളിലും ഓണ്ലൈന് പ്ലാറ്റ്ഫോമിലും പ്രസിദ്ധീകരിച്ചു.
ഷോര്ട്ട് ഫിലിമുകള്ക്കും വെബ്സീരീസുകള്ക്കും തിരക്കഥ ഒരുക്കി.

''വാക്കുകള് വരദാനമായി
നല്കി വിടപറയാതെ വിടപറഞ്ഞ അച്ഛന്'' തന്റെ ആദ്യനോവല് സമര്പ്പിച്ച് അഞ്ജലീബദ്ധനായി അനീഷ്ലാല് വാക്കുകളെ നന്മുത്തുകള് പോലെ കോര്ത്തെടുത്തു വയ്ക്കുന്നു.

അദ്ദേഹത്തിന്റെ ഗാനങ്ങള് ചിട്ടപ്പെടുത്തുവാനും ആല്ബങ്ങളായി പ്രകാശിപ്പിക്കാനും നിപുണതയാര്ന്ന കലാപ്രതിഭകള് കൂട്ടായി ഒരേ

മനസ്സു പോലെ ജീവിതയാത്രാവഴികളിലെവിടെയും കാണാം. കോഴിക്കോട് മില്ല്യനീയം ഓഡിയോസ് പുറത്തിറക്കിയ ആര്യനന്ദ പാടിയ ''അമ്പിളിമാമ'' എന്ന ഗാനകൗതുകം കേട്ടുതന്നെ അറിയണം. ലിങ്ക് ചുവടെ ചേര്ക്കുന്നു.

https://youtu.be/RPQ4EETb-YY

സിനിമാഗാനങ്ങള് സ്വപ്നമായിരുന്നു.
അങ്ങിനെ കൈവന്ന ഒരവസരമായിരുന്നു,
''ആനിയുടെ പറുദീസ'' എന്ന ചിത്രത്തിലെ ഗാനങ്ങള് (ചിത്രം റിലീസ് ചെയ്തില്ല)।

https://youtu.be/TZiHWNTQJFs

സംഗീതോപാസകനായ ശ്രീ പ്രദീപ് പള്ളുരുത്തിയുടെ ശബ്ദത്തിലും സംഗീതത്തിലും ഗണേഷ് സുന്ദറും ചേര്ന്ന് ആലപിച്ചിട്ടുള്ള ഓണപ്പാട്ടുകളുള്പ്പെടെ ഇരുപതോളം ഗാനങ്ങളുടെ നിരയുമൊരുക്കിയിട്ടുണ്ട്, ഇതിനകം തന്നെ.

മംഗളം പത്രം, മനോരമ ഓണ്ലൈന് എന്നിവയിലൂടെ ലാലിന്റെ കഥകളും പ്രകാശിതമായി.

നോവലിസ്റ്റും, ഷോര്ട്ട് ഫിലിം രംഗത്തെ തിരക്കഥാകൃത്തും സംവിധായകനും ചിത്രസംയോജകനും നടനുമായ സാജന് രാമാനന്ദന് (ടാലന്റഡ് ബാങ്കേഴ്സ് മൂവീ പാനല് മെമ്പര്) സാക്ഷാത്കരിച്ച്, ഇതിനകം ഫെസ്റ്റിവല് അംഗീകാരങ്ങള് നിരവധി കരസ്ഥമാക്കിയ ''ഹര്ഷം'' എന്ന സംഗീതസംബന്ധിയായ ഷോര്ട്ട് ഫിലിമിലെ ഗാനങ്ങള് രചിച്ചു.

'പരിപ്പ് ജംഗ്ഷന്' എന്ന ശ്രീ പ്രദീപ് പള്ളുരുത്തി യുടെ ഓണ്ലൈന് വെബ്സീരീസിന്റെ തിരക്കഥ എഴുതി. അദ്ദേഹത്തിന്റെ ഷോര്ട്ട് ഫിലിമുകളുടെ തിരക്കഥാരചനയും നിര്വഹിച്ചു.

ശ്രീ സുഭാഷ്ചന്ദ്രന് സെലക്റ്റു ചെയ്ത
ഡി. സി ബുക്സ് കഥാസമാഹാരത്തി
ലൊരു കഥയും ലാലിന്റേതായുണ്ട്.

KSRTC ക്കു വേണ്ടി അവരുടെ കോവിഡ്-19 പ്രതിരോധ ഗീതം- 'അതിജീവന' ത്തിന് രചനയേകാന് കഴിഞ്ഞു. ''ഒരു നൂറു തിരികള് തെളിച്ചു നമ്മള്'' എന്ന പ്രത്യാശയുടെ ഗീതം രണ്ടുലക്ഷത്തിലേറെപ്പേര് ആദ്യദിനങ്ങളില് തന്നെ കണ്ടു. ''നാടിനൊപ്പം മനസ്സിനൊപ്പം
നിരത്തിലാകെ കുതിച്ചു പായാന് ഞാനും വരുന്നേ''...മലയാളിയുടെ

ആനവണ്ടിയോട് ചേര്ന്നു നിന്നു കൊണ്ട് സംഘബോധം ചേര്ക്കും ഉണര്ത്തു പാട്ട്.

സിണ്ടിക്കേറ്റു ബാങ്കിനു വേണ്ടി പ്രോഡക്റ്റ് പരിചയ ബ്രോഷറുകളിലൂടെ ആശയങ്ങള് തീര്ത്തും അര്ത്ഥവത്തായ സന്ദേശങ്ങള് വിളക്കിച്ചേര്ത്തും ബാങ്കിനോടുള്ള പ്രതിബദ്ധതയും കുറിച്ചു, ഈ ബാങ്കര്.

അനീഷ്ലാലിന്റെ രചനാവൈഭവത്തിന്റെയും സംഘാടന മികവിന്റേയും മാറ്ററിയുന്ന ഹൃദയാവര്ജകമായ ഒരവസരം ഈ ലേഖനം തയ്യാറാക്കുന്നതിനിടയിലുണ്ടായതു പങ്കു വയ്ക്കുകയാണ്, സസന്തോഷം-

സംഭാഷണത്തിനിടയില്, അടുത്ത കാലത്ത് ബാങ്കിംഗ് രംഗത്ത് സംഭവിക്കുന്ന രോഗസമാനമായ ആത്മസംഘര്ഷങ്ങളും ദാരുണമായ ജീവനൊടുക്കലുകളും പരിഹാരമാര്ഗ്ഗങ്ങളും സംസാരവിഷയമായി. ബാങ്കിംഗ് സമൂഹത്തില് നിന്നും പൊടുന്നനെ പൊലിഞ്ഞ സ്വപ്നയെന്ന സഹപ്രവര്ത്തകയുടെ വേര്പെടലുണ്ടാക്കിയ വേദനയില് ഒരു നിമിഷം നിശബ്ദത തളം കെട്ടി.

തുടര്ന്ന് ലാല് കുറിച്ച ഈരടികള് വാട്ട്സ് ആപ്പില് ലഭിച്ചു.

'താളം മറന്നൊരു ശ്രുതി മീട്ടി തംബുരു, ഏതോ വിഷാദമാം രാഗം മൂളി....''. അതേ ദിവസം, മണിക്കൂറുകള്ക്കുള്ളില് എബിന് ജെ സാം എന്ന ഗായകന്റെ സംഗീതത്തിലൂടെ അദ്ദേഹത്തിന്റെ സ്വരമായി, സാജന് രാമാനന്ദന്റെ ചിത്രസംയോജനവുമായി ഒരു സമര്പ്പണ ഗീതമൊരുങ്ങി വന്നു കഴിഞ്ഞു.
ടാലന്റഡ്ബാങ്കേഴ്സ് കൂട്ടായ്മയുടെ പേജിലൂടെ റിലീസായി. സാജന്റെ യൂട്യൂബ് മ്യൂസിക് ചാനലിലൂടെ ആ സമര്പ്പിത ഗീതം സഹൃദയലോകം ഏറ്റെടുത്തു.
''അവള് വാടാതെ കൊഴിഞ്ഞ പൂവായിരുന്നു...''
'നൊമ്പരത്തോടെ സ്വപ്നക്കായി പാട്ടൊരുക്കി സുഹൃത്തുക്കള്' എന്ന ശീര്ഷകത്തോടെ ഓണ്ലൈന് ഇടങ്ങളില് ആ ഗാനം വൈറലായി ഹൃദയഹാരിയായതിന്റെവാര്ത്തകളും വന്നിരിക്കുന്നു, ഇപ്പോള്.

'മദേര്സ്ഡേ'ക്കു വേണ്ടി രചന നിര്വഹിച്ച ഒരു വാട്ട്സ്ആപ്പ് വിഡിയൊ അനുവാചകഹൃദയങ്ങള് കീഴടക്കി.

സിണ്ടിക്കേറ്റ് ബാങ്ക് മെര്ജര് സമയത്ത് തന്നെയും സഹജീവികളേയും ജീവനം തന്നു സംരക്ഷിച്ച ബാങ്കിനോടുള്ള നന്ദിയും സ്നേഹവും കവിതയാലര്പ്പിച്ച സമര്പ്പണഗീതവും വാക്കുകള്ക്കതീതം.
സിണ്ടിക്കേറ്റ് ബാങ്കേഴ്സ് ആ
വാട്ട്സ്ആപ്പ് വിഡിയൊ നെഞ്ചിലേറ്റി.

ഭക്തിഗീതങ്ങളുടെ രചനാനൈപുണ്യവും ശ്രദ്ധേയം.
'അർദ്ധനാരീശ്വരം' -
പ്രദീപ് പള്ളുരുത്തി സംഗീതം നല്കി ഗണേഷ് സുന്ദറും കൂടി ആലപിച്ച അനീഷ്ലാല് രചനകള് ഏറെ ശ്രദ്ധ നേടി.

ആറ്റിക്കുറുക്കിയ സ്നേഹക്കുഴമ്പു പോലുള്ള കഥകള് ആനുകാലികങ്ങളില് അനുവാചകശ്രദ്ധ ആവോളം നേടി.

സിനിമാ തിരക്കഥകള് മനസ്സില് തുളുമ്പുന്നു, താളുകളില് കുറിച്ചിട്ട് സാക്ഷാത്കാരത്തിനായി ലാല് കാത്തിരിക്കുന്നു.

സാഹിതീസേവകനാകുമ്പോഴും സഹജീവികളുടെ ക്ഷേമവും ലാലിനെ കർമ്മനിരതനാക്കുന്നു.
എ.കെ.ബി.ഇ.എഫ് എറണാകുളം ജില്ലാകമ്മിറ്റി അംഗമാണിപ്പോള്, ലാല്.
സിണ്ടിക്കേറ്റ് ബാങ്ക് എംപ്ലോയീസ് യൂണിയന് സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറിയായിരുന്നു.

അനീഷ്ലാല്- ലിജ ബാങ്കര് ദമ്പതിമാർക്ക്
ഹൃദയംഗമമായ ആശംസകളും അഭിനന്ദനങ്ങളും -

സസ്നേഹം
ടാലന്റഡ് ബാങ്കേഴ്സ്.

അനീഷ്ലാല് കൃതികളുടെ ചാരുതയാർന്ന ആവിഷ്കാരങ്ങളില് നിന്നുള്ള ചില ലിങ്കുകള് താഴെ ചേർക്കുന്നു.

https://youtu.be/TZiHWNTQJFs

https://youtu.be/TPOdc0uDHIs

https://youtu.be/X5kkDoCWrbQ

https://youtu.be/E8ZFNrluluM

https://youtu.be/BONC7diXysw

https://youtu.be/2-AN2O2G-jY

https://youtu.be/WJFxl8K5ysQ

https://youtu.be/Pzqp2_OGfbc

(Tribute to Swapna)

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-------------------------------------------------------------------------------------------------

"Let us embark on a pilgrimage of the mind in quest of answers;a journey through the images sketched by Madhu's mind. Those images are going to enumerate me a lot. Perhaps at the end of this trip, the answer to the perplexing question in our heads will be unravelled." With a positive ‘disquietude’, I read and read, until the end and felt like the novel titled "Pole" (similitude) gave me a glimmer of hope.

This is an excerpt from the debut novel by the author and it found limelight by the end of March 2021.This week,let’s acquaint you with a banker and a writer.

Aneeshlal K.H
Canara Bank
MG Road Branch,
Ernakulam.

“Films, screenplays and film songs permeated my dreams. My father;a teacher was my role model. I wanted to pursue my passion and earn livelihood as well.”

Aneesh Lal was born in 1984 in Kumbalangi, Ernakulam to KK Harilal and KV Bhamamani. Shri Harilal retired as Headmaster of VPYLP School, Kumbalangi. He was also the editor of the newspaper 'Kerala Nadu',published from Kochi. He passed away in 2015.Mrs. Bhamamani retired in 2014 as the Fair copy Superintendent at Munciff Court,Kochi.

After his primary education at Kumbalangi School where his father was a teacher, Lal had his education at St. Peter's High School, Kumbalangi ,Cochin College and did his B-Tech at MEA Engineering College.

His better half,Lija is working as a senior associate in SBI Palangad-Kumbalangi branch. They have two children-Devenderlal and Nilamalar They too are artists.

Poetry, short stories and speeches fascinated Aneesh since he was a teenager.His father guided him well.His wife Lija,his Mom and his sister Anjana,a teacher by profession have always stood as pillars of support in his writing life.

The novel ‘Pole’ imparts a transcendental reading experience to the readers.

Aneesh's stories, poems and songs portray his adroitness in weaving his experiences into poetic words. Furthermore, the characters and their spaces, surroundings, pains, anxieties, leaps and hopes strike us like anything.

During his pre-degree days at Cochin College, he wrote a song for the student movement and it paved the the way for albums.He wrote love songs in tune to to the music of Anoop, an employee of SBI presently working in Trithala branch.Lal also served as the Arts Club Secretary at the MEA Engineering College.

Subsequently, he went on writing for several music albums and devotional songs and many of his stories were published in periodicals and online platforms.He wrote screenplays for short films and web series.

The song 'Ambilimama,' written by him and sung by Aryananda, has been released by Millionaire Audios in Kozhikode.

The link for the same is added below.

https://youtu.be/RPQ4EETb-YY

Here goes the link for song written for the movie Annie yude Parudeesa (Annie's Paradise).

https://youtu.be/TZiHWNTQJFs

Aneesh has written over 20 songs, including Onam songs sung by Sri Ganesh Sundar and Sri Pradeep Palluruthy.His stories have appeared in Mangalam newspaper as well as Manorama Online.

He has written songs for a musical short film 'Harsham' by Sajan Ramanandan, a talented bankers movie panel member who is well known as a screenplay writer, director, cinematographer and actor. Lal has also written screenplay for Sri Pradeep Palluruthy's online web series 'Parippu Junction'.

He wrote a Covid-19 song for KSRTC . More than two lakh people watched the song in the first few days itself.The song dedicated to Ms Swapna who succumbed to the stress posed by the banking sector gained widespread attention. The efforts of the trio-Aneesh Lal,Sajan Ramanandan and the singer Ebin J Sam made it a heart touching and memorable one.

Lal was noted for his words of gratitude,which he dedicated to his bank in the form of a poem during the merger of Syndicate Bank with Canara Bank.

He wrote lyrics for songs in the album 'Ardhanareeswaram' composed by Pradeep Palluruthy and sung by Ganesh Sunder and it gained attention of many.Many movie scripts brimming in Lal’s mind awaits release.

Lal serves as AKBEF Ernakulam district committee member.He was the Assistant State Secretary

of the Syndicate Bank Employees Union.

Talented Bankers wishes Aneesh and his family all the best in the days to come. May there be success at every turn of life and all your dreams come true.
Links for some videos which will exemplify Lal's skill as a writer are added below.

https://youtu.be/TZiHWNTQJFs

https://youtu.be/TPOdc0uDHIs

https://youtu.be/X5kkDoCWrbQ

https://youtu.be/E8ZFNrluluM

https://youtu.be/BONC7diXysw

https://youtu.be/2-AN2O2G-jY

https://youtu.be/WJFxl8K5ysQ

https://youtu.be/Pzqp2_OGfbc

(Tribute to Swapna)